"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ത.സ്വ.ഭ വകുപ്പ് - സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ-ശ്രീ. എ. ഷാജഹാൻ IAS (റിട്ട.) - ന്റെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായുള്ള നിയമനം, ഒരു പ്രത്യേക കേസായി പരിഗണിച്ച്,പുനർനിയമനമല്ല മറിച്ച് പുതിയ നിയമനമാണെന്ന കണക്കാക്കി അനുവദനീയമായ ലീവ്, LTC, മറ്റാനുകൂല്യങ്ങൾ എന്നിവക്കായി പരിഗണിക്കാവുന്നതാണെന്ന വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇ എം ) വകുപ്പ്**

സ.ഉ.(കൈ) നം.85/2026/LSGD തീയതി,തിരുവനന്തപുരം, 12-03-2026

---

പരാമർശം: 1. SRO നമ്പർ 190/2021 തീയതി 17/02/2021

2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറലിന്റെ കത്ത് നം.GE15/A/A1/Re-emp തീയതി 27/03/2023

3. 28/09/2025 തീയതിയിലെ സ.ഉ.(സാധാ) നം. 2371/2025/LSGD

4. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷനിൽ നിന്നും 18.02.2025 തീയതിയിലും തുടർന്ന് 21.10.2025 തീയതിയിലും ലഭിച്ച A1/33/2024

**ഉത്തരവ്**

ഭാരത ഭരണഘടനയുടെ ആർട്ടിക്കിൾ 243(K) പ്രകാരം ശ്രീ. എ. ഷാജഹാൻ IAS (റിട്ട.) -നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി നിയമിച്ചുകൊണ്ട് പരാമർശം(1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. എ. ഷാജഹാൻ IAS (റിട്ട.) -ന് Leave Travel Concession പ്രയോജനപ്പെടുത്തുന്നതിനും 11-10-22 മുതൽ 10 ദിവസം Earned Leave സറണ്ടർ അനുവദിച്ചതും സാധൂകരിച്ചു കൊണ്ടു പരാമർശം(3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായി നിലവിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. എ. ഷാജഹാൻ IAS (റിട്ട.) ലീവ് സറണ്ടർ ആനുകൂല്യത്തിനായി നൽകിയ അപേക്ഷയിന്മേൽ ഈ നിയമനം പുനർനിയമനം ആണോ പുതിയ നിയമനം ആണോ എന്ന വിഷയം ഭരണ വകുപ്പ് പരിശോധിച്ച് വ്യക്തത വരുത്തി നൽകണമെന്നും അക്കൗണ്ടന്റ് ജനറൽ ആവശ്യപ്പെട്ടിരുന്നു.

സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നിയമനം ഒരു പുനർനിയമനമല്ല മറിച്ച് ഇന്ത്യൻ ഭരണഘടനയുടെ അനുച്ഛേദം 243K പ്രകാരം ഗവർണർ നേരിട്ട് നടത്തുന്ന ഒരു 'പുതിയ നിയമനമാണെന്നും അതിനാൽ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നിയമനം ഒരു പുതിയ

നിയമനമാണ് അല്ലാതെ പുനർനിയമനമല്ല എന്നു വ്യക്തമാക്കി ഉത്തരവു പുറപ്പെടുവിക്കാൻ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ സർക്കാരിനോട് പരാമർശം(4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ.ഷാജഹാൻ IAS ന്റെ സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറായുള്ള നിയമനം,Article 243K(1) പ്രകാരവും, അനുച്ഛേദം 243K (2) ലെ അധികാരം വിനിയോഗിച്ച് സംസ്ഥാന സർക്കാർ രൂപീകരിച്ച State Election Commissions (Conditions of Service ) Rules, 1993 -ലെ rule 6(1), rule 5(1) പരിശോധിച്ചതിന്റെ വെളിച്ചത്തിൽ ,ശ്രീ. എ. ഷാജഹാൻ IAS (റിട്ട.) - ന്റെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറായുള്ള നിയമനം, ഒരു പ്രത്യേക കേസായി പരിഗണിച്ച്, പുനർനിയമനമല്ല മറിച്ച് പുതിയ നിയമനമാണെന്നു കണക്കാക്കി ലീവ്, LTC, മറ്റാനുകൂല്യങ്ങൾ എന്നിവക്കായി പരിഗണിക്കാവുന്നതാണെന്നു വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

സെക്രട്ടറി, സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ,കേരളം

ശ്രീ.ഷാജഹാൻ,സെക്രട്ടറി ,സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ,കേരളം

ധനകാര്യ വകുപ്പ് (2460981/Dev 1/95/2023 FIN dated 18-12-2024)

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് (Adv B2/124/2024/P&ARD dated 31-07-2024)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ),തിരുവനന്തപുരം

പൊതു ഭരണ(എസ്.സി) വകുപ്പ് ( ഇനം നം3866 തീയതി 10-03-2026)

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ്(വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Ajith Kumar K A
Date: 12-03-2026 14:29:13
സെക്ഷൻ ഓഫീസർ